ശ്രീ. കെ. ടി. അച്യുതൻ : കൊതുകുകളെ സംബന്ധിച്ചിടത്തോളം നിവൃത്തിയുള്ളിടത്തോളം ഓടിക്കാൻ ശ്രമിക്കുന്നുണ്ട്. പൊതുജനാരോഗ്യവകുപ്പ് അക്കാര്യം നോക്കുന്നുണ്ട്. ഇപ്പോഴും അവർ വളരെ സൗഹാർദ്ദമായി അവിടെ കഴിഞ്ഞുകൂടുന്നുണ്ട്.

ശ്രീ. കെ. ഹസ്സൻ ഗനി : മൂന്നോനാലോപേക്കെങ്കിലും ശരിയായി കിടക്കാനുള്ള സ്ഥലമില്ലെന്നുള്ളതു് ഒരു വസ്തുതയാണു്. ഇതുകൂടാതെ, പണവും അവർ രാത്രി സൂക്ഷിക്കണമെന്നുള്ള ഏർപ്പാടാണുള്ളതു്. പണം പലപ്പോഴും മോഷണം പോയതായി പരാതിയുണ്ടു്. അതുകൊണ്ടു് ഈ പണം ആഫീസുകളിൽ വാങ്ങുന്നതിനു് ഏർപ്പാടുചെയ്യുമോ ?

ശ്രീ. കെ. ടി. അച്യുതൻ : അതിനുള്ള ഏർപ്പാടുണ്ടെന്നാണു് എന്റെ ഓർമ്മ. പണം ആഫീസിൽ വാങ്ങിക്കണമെന്നും, പിന്നെ അടുത്ത ട്രിപ്പിൽ പോകുമ്പോഴും മടക്കിക്കൊടുക്കണമെന്നുമാണുള്ളതു്. അങ്ങനെ ഇല്ലെങ്കിൽ അതു പരിശോധിക്കാം.

കൃഷിക്കു ലോൺ കൊടുക്കുന്നതിനുള്ള നടപടി.

* 760. [4] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതിക്കാർക്കു് കൃഷിക്കു ലോൺ കൊടുക്കുന്നതിനു് എന്തെങ്കിലും നടപടി ഗവണ്മെന്റു് സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ 1960 മുതൽ 1963 ഡിസംബർ 31-ാം തീയതിവരെ പട്ടികജാതിക്കാരിൽ ആർക്കെങ്കിലും കൃഷിക്കു കടം കൊടുത്തിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആർക്കെല്ലാം ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു) :

(എ) കൃഷിക്കു ലോൺ കൊടുക്കുന്നതിനു പട്ടികജാതിക്കാർക്കു മാത്രമുള്ള ഒരു പദ്ധതിയും നിലവിലില്ല. എന്നാൽ അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെന്റു വഴി കൃഷിയാവശ്യത്തിനു ലോൺ നൽകുന്ന പദ്ധതിയിൽനിന്നു ഇവർക്കു് വായ്പ ലഭിക്കുന്നതാണു്.

(ബി,സി) വിവരം ശേഖരിച്ചു വരുന്നു.

ശ്രീ. പി. സി. ആദിച്ചൻ : 1960-ൽ ഇവിടെ ഇലക്ഷൻ നടക്കുന്നതിനു മുമ്പു് പത്രങ്ങളിൽ പട്ടികജാതിക്കാർക്കു കൃഷിക്കു് ലോൺ കൊടുക്കുമെന്നു വാർത്തവന്നതു് പട്ടികജാതിക്കാരെ കബളിപ്പിക്കാനല്ലായിരുന്നോ ?

ശ്രീ. കെ. കുഞ്ഞമ്പു : അതു ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല. പട്ടികജാതിക്കാർക്കു ലോൺ കൊടുക്കുന്നതിനു് വ്യവസ്ഥകളിൽ ചില ഇളവു ചെയ്തിട്ടുണ്ടു്.

ലോറി, കാർ, ജീപ്പു്, ബസ്സു് എന്നിവകളുടെ എണ്ണം.

* 761. [5] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവും, തൊഴിലുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു രജിസ്റ്റർ ചെയ്തു ഓടിക്കൊണ്ടിരിക്കുന്ന ലോറികളും, കാറുകളും, ജീപ്പുകളും, ബസ്സുകളും എന്നിവയുടെ 1963 ഡിസംബർവരെയുള്ള എണ്ണം എത്ര ;

(ബി) ടാക്സു്, ഇൻഷ്വറൻസു് എന്നീ ഇനങ്ങളിലായി ഈ വാഹനങ്ങളിൽനിന്നും ആണ്ടിനാൽ എത്ര തുക വരുമാനമുണ്ടു് ;

(സി) മോട്ടോർവാഹനങ്ങളുടെ പരിശോധന പോലീസിനെ ഏല്പിക്കാതെ, ട്രാഫിക് ഉദ്യോഗസ്ഥന്മാരുടെ ചുമതലയിലാക്കുവാൻ വേണ്ട നടപടികളും കൈക്കൊള്ളുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ):

(എ)	ലോറികൾ	8202
	കാറുകൾ	19817
	ജീപ്പുകൾ	686
	ബസ്സുകൾ	2985

(ബി) ടാക്സിനത്തിൽ 2,79,52,856 രൂപാ 21 നയാപൈസയും ഇൻഷ്വറൻസ് ഇനത്തിൽ ഉദ്ദേശം 16,50,000 രൂപയും വരുമാനമുണ്ട്.

(സി) രജിസ്റ്റർ ചെയ്യുന്നതിനും, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കൊടുക്കുന്നതിനും മറ്റും വേണ്ടി വാഹനങ്ങൾ പരിശോധിക്കുന്ന ചുമതല മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥന്മാർ മാത്രമാണ് നിർവഹിക്കുന്നത്. നിയമപരിപാലനം പോലീസ് ഡിപ്പാർട്ടുമെന്റിൽ നിക്ഷിപ്തമായിട്ടുള്ളതുകൊണ്ട് മോട്ടോർവാഹന നിയമം നടപ്പിലാക്കുന്നതിനു പോലീസിനു ചുമതലയുണ്ട്. ഒരു കേന്ദ്രഗവണ്മെന്റ് നിയമമായ മോട്ടോർ വെഹിക്കിൾസ് ആക്റ്റിൽ അധികാരപ്പെടുത്തിയതനുസരിച്ചാണ് പോലീസ് ഡിപ്പാർട്ടുമെന്റ് ഇതു നിർവഹിക്കുന്നത്.

ശ്രീ. സി. എ. മാത്യു : വാഹന ഉടമസ്ഥന്മാർ ടാക്സ്, ഇൻഷ്വറൻസ് എന്നീ ഇനങ്ങളിൽ കൊടുക്കുന്നതിനെക്കാൾ വളരെയധികം തുക പരിശോധകന്മാരായ പോലീസ് ഉദ്യോഗസ്ഥന്മാർക്ക് കൈക്കൂലി കൊടുക്കുന്നതിനു വിനിയോഗിക്കുന്നുണ്ടെന്നുള്ളതു് പരക്കെ അറിയാവുന്ന ഒരു പരമാർത്ഥമാണ്. ഈ ഡിപ്പാർട്ടുമെന്റ് നന്നായി കാണണമെന്നുള്ള ആഗ്രഹംകൊണ്ട് ഞാനിതു പറയുകയാണ്. ട്രാഫിക് ഡിപ്പാർട്ടുമെന്റിൽ കൂടുതൽ ആളുകളെ നിയമിച്ചു പോലീസ് ഡിപ്പാർട്ടുമെന്റിൽ അതിനനുസരണമായി ആളുകളെ കുറയ്ക്കുവുന്നതാണ്. സെൻട്രൽ ആക്റ്റിൽ ഭേദഗതി വരുത്തിയിട്ടെങ്കിലും ഈ അധികാരം ട്രാഫിക് ഉദ്യോഗസ്ഥന്മാർക്ക് കൊടുക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. ടി. അച്യുതൻ : അതു് വളരെ പ്രയാസമുള്ള പ്രശ്നമാണ്. കേന്ദ്രഗവണ്മെന്റ് നിയമമനുസരിച്ചു അഖിലേൻഡ്യാടിസ്ഥാനത്തിലുള്ള ഒരേ സ്പിരിറ്റാണിതു്. എല്ലാ സ്ഥലങ്ങളിലും ട്രാഫിക് റൂൾസനുസരിച്ചു വെഹിക്കിൾസ് ഉദ്യോഗസ്ഥന്മാരെ നിയമിക്കാൻ വിഷമമാണ്. അതുകൊണ്ടാണ് അഖിലേൻഡ്യാടിസ്ഥാനത്തിൽ ഇങ്ങനെ വച്ചിട്ടുള്ളതു്. പൊതുവെ ഒരു അഭ്യർത്ഥനയാണ് ഇവിടെ വന്നതു്. അതു് അഖിലേൻഡ്യാടിസ്ഥാനത്തിൽ പരിശോധിക്കാമെന്നല്ലാതെ ഇവിടെ പ്രത്യേകമായി ചെയ്യാൻ നിവൃത്തിയില്ല.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : ഗവണ്മെന്റുവക വാഹനങ്ങൾ ടാക്സും ഇൻഷ്വറൻസും അടയ്ക്കുന്നുണ്ടോ ?

ശ്രീ. കെ. ടി. അച്യുതൻ : കൃത്യമായി വ്യവസ്ഥയനുസരിച്ചു അവ ഗവണ്മെന്റ് വാഹനങ്ങളിൽനിന്നും പിരിക്കുന്നുണ്ട്.

ശ്രീ. എം. നാരായണക്കുറുപ്പ് : 1958-ൽ ഒൻപതുലക്ഷം രൂപാമാത്രം വാഹനനികുതി കുടിശ്ശികയായി ഉണ്ടായിരുന്നതു് ഒരുകോടിമുപ്പത്തിയൊൻപതു ലക്ഷമായി വർദ്ധിച്ചു കാണുന്നുണ്ട്. ഈ കുടിശ്ശിക ഉടനെ വസൂലാക്കാനും മേലിൽ ഇങ്ങനെ കുടിശ്ശിക വരാതിരിക്കാനും ഫലപ്രദമായ നടപടിയെടുക്കുമോ ?

ശ്രീ. കെ. ടി. അച്യുതൻ : കുടിശ്ശിക വസൂലാക്കാൻ കർശന നടപടികൾ എടുക്കുന്നുവെന്നു ബഹുമാനപ്പെട്ട മെമ്പറന്മാർതന്നെ പറഞ്ഞിട്ടുണ്ട്. 1-7-1963 മുതൽ നിയമപ്രകാരം കുടിശ്ശികവരുത്താൻ പാടില്ലെന്നു വ്യവസ്ഥയുണ്ട്.

ശ്രീ. ആർ. സുഗതൻ : ഓവർലോഡു കൊണ്ടു് നിറഞ്ഞ വണ്ടിയിൽ foot board-ൽ പോലീസുകാർ കയറിനിന്നു പോകുന്നതു ട്രാഫിക് റൂൾസ് പാലിക്കാൻ വേണ്ടിയാണോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. അച്യുതൻ : അങ്ങനെ ഉണ്ടാകാൻ വഴിയില്ല. അങ്ങനെ നടക്കുന്നുണ്ടെങ്കിൽ കർശനമായ നടപടിയെടുക്കും.

ശ്രീ. എം. എം. മത്തായി : വാഹനനികുതി കൊടുക്കാത്തതിനു് ബസ്സുകളെ പോലീസ് സ്റ്റേഷനിൽ പിടിച്ചുകൊണ്ടുപോകുന്നതായി അറിയാമോ; അതുമൂലം യാത്രക്കാക്കു് അസൌകര്യം ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുമോ ?

ശ്രീ. കെ. ടി. അച്യുതൻ : ഉടനെതന്നെ പണം അടക്കാൻ സൌകര്യപ്പെടുന്നില്ലെങ്കിൽ രണ്ടോ, മൂന്നോ ദിവസം കഴിഞ്ഞാൽ ടെമ്പററി പെർമിറ്റു കൊടുക്കണമെന്നു പറഞ്ഞിട്ടുണ്ടു്. അങ്ങനെ പലയിടത്തും ടെമ്പററി പെർമിറ്റു കൊടുത്തു വണ്ടി ഓടുന്നുണ്ടു്.

മെഡിക്കൽ, ഇഞ്ചിനീയറിംഗു് കാളേജുകളിൽ മെരിററടിസ്ഥാനത്തിൽ പ്രവേശനം നൽകിയ സീററുകളം

* 762. [6] ശ്രീ. കെ. ഹസ്സൻ ഗനി: താഴെ കാണുന്ന ചോദ്യങ്ങളം മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

1963—ൽ മെഡിക്കൽ, ഇഞ്ചിനീയറിംഗു് കാളേജുകളിൽ താഴെ പറയുന്ന സമുദായങ്ങളംക്കു് മെരിററടിസ്ഥാനത്തിൽ പ്രവേശനം നൽകിയ സീററുകളുടെ ശതമാനക്കണക്കുകളം നൽകുമോ:—

1. മുസ്ലീംകളം.
2. ഈഴവർ.
3. ലത്തീൻ ക്രിസ്ത്യാനികളം.
4. മറ്റു പിന്നോക്ക ഹിന്ദുക്കളം.
5. ആംഗ്ലോ ഇൻഡ്യൻസു്.
6. അവശ ക്രിസ്ത്യാനികളം.
7. ഷെഡ്യൂൾഡു് കാസ്റ്റുകൾ.

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ): ഈവിവരങ്ങളം കാണിക്കുന്ന സ്റ്റേറുമെൻറു് മേശപ്പുറത്തുവച്ചിട്ടുണ്ടു്. †

ശ്രീ. കെ. ഹസ്സൻ ഗനി: സർ, ഈ മേശപ്പുറത്തുവച്ചിരിക്കുന്ന സ്റ്റേറുമെൻറു അനുസരിച്ചു വിവിധ പിന്നോക്കവിഭാഗങ്ങളംക്കു നൽകിയിരിക്കുന്ന ശതമാനം കാണിച്ചിട്ടുണ്ടു്. അതിൽ—

	സമുദായം.	ഇഞ്ചിനീയറിംഗു് കാളേജു്.	പ്രീ മെഡിക്കൽ.	എം. ബി. ബി. എസു്.
1.	മുസ്ലീങ്ങളം	3.944%	3%	7.5%
2.	ഈഴവൻ	8.333%	6%	16%
3.	ലത്തീൻ ക്രിസ്ത്യാനികളം	1.388%	1.6%	1%
4.	മറുപിന്നോക്ക ഹിന്ദുക്കളം	6.481%	3.9%	4.5%
5.	ആംഗ്ലോ ഇൻഡ്യൻ	ആരുമില്ല.	ആരുമില്ല.	ആരുമില്ല.
6.	അവശ ക്രിസ്ത്യാനികളം	1.157%	1.6%	1%
7.	ഷെഡ്യൂൾഡു് കാസ്റ്റുകൾ	0.694%	ആരും ഇല്ല.	ആരും ഇല്ല.

† Appendix I.

LIBRARY ARCHIVES Kerala Legislative Assembly